സെമിനാരി ബുള്ളറ്റിൻ

Orthodox Theological Seminary

31 January 2026

P.B. No. 98, Kottayam, Kerala, India - 686001, Tel. +91 0481 2568500, 2566526

കൗദാശിക ജീവിതം വളരണം: പരിശുദ്ധ കാതോലിക്കാ ബാവാ

കോട്ടയം: പ്രസംഗത്തിലൂടെയും (Liturgy of the Word), ആരാധനയിലൂടെയും (Liturgy of the Bread) ലഭ്യമാകുന്ന പരിശുദ്ധാത്മ കൃപ, സാമൂഹിക പ്രതിബദ്ധതയോടെ കാരുണ്യ പ്രവർത്തനങ്ങൾക്കായി (Liturgy after the liturgy) പ്രയോജനപ്പെടുത്തണം എന്ന് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. ഓർത്തഡോക്സ് സെമിനാരിയിൽ നിനുവാ നോമ്പ് ധ്യാനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പ്രസംഗത്തിലും ആരാധനയിലും ലഭ്യമാകേണ്ടത് അനുതാപ ഹൃദയമാണ്. പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിച്ച് അനുതാപം സൃഷ്ടിക്കുന്നതാണ് യഥാർത്ഥമായ കൗദാശിക ജീവിതം എന്ന് അദ്ദേഹം പറഞ്ഞു.

വിശ്വാസികളിൽ അനുതാപവും രൂപാന്തരവും സൃഷ്ടിക്കുന്നതാണ് ഹൃദയാരാധന (Liturgy of the Heart). വചന ശുശ്രൂഷയിലും വിശുദ്ധ കുർബ്ബാനയിലും പരിശുദ്ധാത്മ കൃപ വിശ്വാസികളിലേക്ക് സന്നിവേശിപ്പിക്കുന്നു.

അനുതാപ ഹൃദയം ഉണ്ടാക്കുന്ന അന്തരീക്ഷം ആരാധനയിൽ അനിവാര്യമാണ്. പശ്ചാത്താപത്തിനായി പരിശുദ്ധാത്മ പ്രവർത്തനം ഉണ്ടാകുമ്പോഴാണ് അനുതാപ ഹൃദയം ലഭ്യമാകുന്നത്. ദൈവവചനത്തിലൂടെയും ആരാധനയിലൂടെയും പരിശുദ്ധാത്മാവ് വിശ്വാസികളിലേക്ക് സന്നിവേശിപ്പിക്കപ്പെടണം. ആരാധനയിലൂടെ വചനത്തിന്റെ പൊരുൾ അർത്ഥ

പൂർണ്ണമായി ഉൾക്കൊള്ളുവാൻ കഴിയുമ്പോൾ ദൈവബന്ധം ആഴമുള്ളതാകും. വിശുദ്ധ കുർബ്ബാനയിൽ തിരുശരീര രക്തങ്ങളുടെ അനുഭവം മൂലം അനുതാപ ഹൃദയത്തെ സൃഷ്ടിക്കുന്നത് പരിശുദ്ധാത്മ കൃപയാണ്. അനുതാപ ഹൃദയം എല്ലായിപ്പോഴും വിശ്വാസികളിൽ ഉണ്ടാകേണ്ട ആത്മീയ അനുഭവമാണ്. വിശ്വാസികളിൽ അനുതാപം സ്ഥായിയായി നിലനിൽക്കുമ്പോഴാണ് വിശുദ്ധിയിലേക്ക് വളരുവാൻ കഴിയുന്നത്. അനുതാപ ഹൃദയം ഫലപ്രദമാകുവാൻ മനസ്സൊരുക്കവും വിശ്വാസവും ഉണ്ടാകണം.

സമഗ്രമായ രൂപാന്തരത്തിലേക്ക് വളരുവാൻ പരിശുദ്ധാത്മ കൃപയും അനുതാപ ജീവിതവും ഉണ്ടാകണം. ഇതിനെ കൗദാശിക ജീവിതം (Sacramental Life) എന്നുപറയാം. സ്ഥിരമായ അനുതാപ ഹൃദയത്തോടെയുള്ള കൗദാശിക ജീവിതമാണ് രൂപാന്തരത്തിലേക്കും വിശുദ്ധിയിലേക്കും നയിക്കുന്നത്. ഇതാണ് ആത്യന്തികമായി ഹൃദയാരാധന (Liturgy of the Heart).

ആരാധനയും വചന ശുശ്രൂഷയും വിശ്വാസികളിൽ അനുതാപ ഹൃദയം സൃഷ്ടിക്കുന്നതിനുള്ളതാണ്. ദൈവസന്നിധിയിൽ ഇടവിടാതെ ആരാധിക്കുമ്പോഴാണ് കൗദാശിക ജീവിതത്തിലേക്ക് വളരുവാൻ സാധിക്കുന്നത്. അനുതാപ ഹൃദയം ലഭ്യമാകുന്നതിനായി വിശ്വാസികൾ ദൈവസന്നിധിയിൽ സ്വയം സമർപ്പിക്കണം. സമചിത്തതയോടും അനുതാപ ഹൃദയത്തോടും ദൈവസാന്നിധ്യ ബോധത്തിൽ ആരാധനയിൽ സംബന്ധിക്കണം എന്നും പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു.

. . . .

പഴയ സെമിനാരിയിലെ നിനുവാ നോമ്പിന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യകാർമ്മികത്വം വഹിച്ചു.

ഡൽഹി ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് മെത്രാപ്പോലീത്ത ധ്യാനം നയിച്ചു.

സെമിനാരിയിൽ പ്രവേശനം ലഭിച്ചവർ

കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിലേക്കും നാഗ്പ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സെമിനാരിയിലേക്കും 2026-2030 അദ്ധ്യയന വർഷത്തേക്ക് പ്രവേശനം നേടിയവർ:

ഓർത്തഡോക്സ് വൈദിക സെമിനാരി, കോട്ടയം

ജെബിൻ ഷിബു (തിരുവനന്തപുരം), വിപിൻ വർഗീസ് (കൊട്ടാരക്കര-പുനലൂർ), ഷിന്റോ ഷാജി (മാവേലിക്കര), ലിനോ ഫിലിപ്പ് (തുമ്പമൺ), ലെബിൻ തരിയൻ, സേജോ പ്രസാദ് (ചെങ്ങന്നൂർ), അലൻ തോമസ് വർഗീസ് (നിരണം), ഡെന്നി കുര്യൻ, ജൊഹാൻ നൈനാൻ പോൾ (കോട്ടയം), എബിൻ പൊന്നച്ചൻ (കൊട്ടയം സെൻട്രൽ), എൽദോസ് സാജു (കണ്ടനാട് വെസ്റ്റ്), എബിൻ എൽദോസ്, കുര്യാക്കോസ് പി. പി (അങ്കമാലി), ആഷിഷ് എം. വർഗീസ് (കൊച്ചി), റിന്റോ സൈമൺ സി (കുന്നംകുളം), റിതിൻ റോയി തോമസ് (സുൽത്താൻ ബത്തേരി), ക്ലാട്ടൻ ബോർഗേസ് സുവേഴ്സ് (ബ്രഹ്മവാർ), ജേക്കബ് ജോൺ (സൗത്ത് വെസ്റ്റ് അമേരിക്ക), റോഷൻ എം. വർഗീസ് (എം.ജി.ഒ.സി.എസ്.എം), ഫാ. വിശാൽ തോമസ് (ബഥനി ആശ്രമം)

സെന്റ് തോമസ് വൈദിക സെമിനാരി, നാഗ്പ്പൂർ

അനൂപ് കെ. ജോമി (മദ്രാസ്), ഫിനോ ഫിലിപ്പ്, ജോബിൽ ജോൺ സ്കറിയ, സജി റെജി (ബാംഗ്ലൂർ), തുണ്ടിൽ സിബിൻ ജേക്കബ് (ബോംബെ), ഗിൽസൺ ഫിലിപ്പ് (അഹമ്മദാബാദ്), ക്രിസ്റ്റിൻ തോമസ്, വിത്സൻ അലക്സ് (കൽക്കട്ട), അഖിൽ വർഗീസ് മാത്യു, ഷിനോ ഷാജി കടവിൽ (ഡൽഹി).

സെമിനാരിദിനം

കോട്ടയം: ഓർത്തഡോക്സ് വൈദിക സെമിനാരി ദിനം 2025 ഒക്ടോബർ 5 ഞായറാഴ്ച ആയിരുന്നു. സെമിനാരിക്ക് സംഭാവന അയയ്ക്കുവാനുള്ള ബാങ്ക് വിവരങ്ങൾ : ചെക്കും, DDയും ഇന്ത്യൻ കറൻസിയിലുള്ളവയ്ക്ക്-State Bank of India, CMS College Branch, Kottayam. A/c. No. 57008479117 (IFSC Code : SBIN0070484) & Federal Bank Kanjikuzhy Branch, Kottayam. A/c. No. 13760200006181 (IFSC: FDRL0001376).

ബാങ്ക് മുഖേന പണം അയയ്ക്കുന്നവർ, ദയവായി അവരുടെ അഡ്രസ്സും, തുകയും വ്യക്തമായി നൽകണം. വിലാസം : The Principal, Orthodox Theological Seminary, P.B. No. 98, Kottayam- 686 001, Ph: 0481-2566526, 2568083. Email: admin@ots.edu.in.